# മഹാത്മാഗാന്ധിസർവ്വകലാശാല

## പബ്ലിക്റിലേഷൻസ്ഓഫീസറുടെകാര്യാലയം

പ്രിയദർശിനിഹിൽസ്പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 സെപ്റ്റംബർ 11

# വാർത്താക്കുറിപ്പ്

## എം.ജി. ബിരുദ പ്രവേശനം: ഒന്നാംഘട്ട അലോട്മെന്റ് പ്രസിദ്ധീകരിച്ചു

**അലോട്മെന്റ് ലഭിച്ചവർ 2020 സെപ്റ്റംബർ 17ന് വൈകിട്ട് 4.30 നകം കോളേജുകളിൽ ഓൺലൈനായി പ്രവേശനം ഉറപ്പാക്കണം**

മഹാത്മാഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള കോളജുകളിൽ ഒന്നാം സെമസ്റ്റർ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശനത്തിന്റെ ഒന്നാംഘട്ട അലോട്മെന്റ് പ്രസിദ്ധീകരിച്ചു. കോവിഡ്-19 വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ യു.ജി.സി.യുടെയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും നിബന്ധനകൾക്ക് വിധേയമായി ഒന്നാം സെമസ്റ്റർ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള 2020-21 അക്കാദമിക വർഷത്തെ ഒന്നാംഘട്ട അലോട്മെന്റ് പ്രസിദ്ധീകരിക്കുന്ന ആദ്യത്തെ സർവകലാശാലയാണ് എം.ജി. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഇത്തവണ അലോട്മെന്റ് പ്രക്രിയ പൂർണ്ണമായും ഓൺലൈനിലാണ്.

അപേക്ഷകർ അലോട്മെന്റ് സ്റ്റാറ്റസ് പരിശോധിക്കുന്നതിനായി മുമ്പ് ലഭിച്ച ആപ്ലിക്കേഷൻ നമ്പർ, പാസ് വേഡ് എന്നിവ ഉപയോഗിച്ച് ക്യാപ് വെബ്സൈറ്റിൽ (www.cap.mgu.ac.in) ലോഗിൻ ചെയ്യണം. തുടർന്ന് സർവകലാശാലയ്ക്കുള്ള ഫീസടച്ച് ഉചിതമായ പ്രവേശനം (സ്ഥിര/താത്കാലികപ്രവേശനം) തെരഞ്ഞെടുക്കണം. ഒന്നാം ഓപ്ഷനിൽ അലോട്മെന്റ് ലഭിച്ചവർക്ക് സ്ഥിരപ്രവേശം മാത്രമേ തെരഞ്ഞെടുക്കാനാകൂ. എന്നാൽ മറ്റ് ഓപ്ഷനുകളിൽ അലോറ്റ്മെന്റ് ലഭിച്ചവർക്ക് താത്കാലിക പ്രവേശം തെരഞ്ഞെടുക്കാം. ഇതിനു ശേഷം ലഭ്യമാവുന്ന അലോട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്ത് ഒപ്പിട്ട് പിന്നീട് സർവകലാശാല നിഷ്കർഷിക്കുന്ന സമയത്ത് കോളജുകളിൽ സമർപ്പിക്കണം. ഈ പ്രക്രിയ പൂർത്തീകരിച്ചതിനു ശേഷം അപേക്ഷകർ അലോട്മെന്റ് ലഭിച്ച കോളേജുമായി ഫോണിൽ ബന്ധപ്പെട്ട് കോളേജ് നിഷ്കർഷിക്കുന്ന ഓൺലൈൻ രീതിയിൽ ഫീസടച്ച് പ്രവേശനം 'കൺഫേം' ചെയ്യണം.

സ്ഥിരപ്രവേശം ലഭിക്കുന്നവർ മാത്രമേ കോളജുകളിൽ ഫീസടയ്ക്കേണ്ടതുള്ളൂ. എന്നാൽ എല്ലാ അപേക്ഷകരും പ്രവേശനം കൺഫേം ചെയ്യുന്നതിനായി കോളജുകൾ പ്രവേശനത്തിനായി നൽകിയ ഫോൺ നമ്പരിൽ ബന്ധപ്പെടണം. കോളജുകളുമായി ബന്ധപ്പെടേണ്ട ഫോൺ നമ്പരുകൾ ക്യാപ്പ് വെബ് സൈറ്റിൽ നൽകിയിട്ടുണ്ട്. സ്ഥിരപ്രവേശം തെരഞ്ഞെടുത്തവർ പ്രവേശന സമയത്ത് ടി.സി, കോണ്ടക്ട് സർട്ടിഫിക്കറ്റ്, ഒപ്പ് രേഖപ്പെടുത്തിയ അലോട്മെന്റ് മെമ്മോ എന്നിവയുടെ ഡിജിറ്റൽ പകർപ്പ് കോളജ് നിർദ്ദേശിക്കുന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയച്ചു നൽകണം. പ്രവേശനം നേടി 15 ദിവസത്തിനകം ടി.സി, കോണ്ടക്ട് സർട്ടിഫിക്കറ്റ് എന്നിവയുടെ അസൽ കോളജുകളിൽ തപാൽമാർഗമോ മറ്റ് മാർഗങ്ങളിലോ സമർപ്പിക്കണം. ഒന്നാം അലോട്മെന്റ് ലഭിച്ചവർക്ക് സെപ്റ്റംബർ 17 വരെ കോളജ് തലത്തിൽ പ്രവേശനം 'കൺഫേം' ചെയ്യാം. സെപ്റ്റംബർ 17നു ശേഷം നിശ്ചിത സർവകലാശാല

ഫീസടച്ച് കോളേജുകളുമായി ബന്ധപ്പെട്ട് സ്ഥിര/താത്കാലിക പ്രവേശനം കൺഫേം ചെയ്യാത്തവരുടെ അലോട്മെന്റ് റദ്ദാക്കപ്പെടും.

അലോട്മെന്റ് ലഭിച്ചവർ കോളജുകളിൽ നേരിട്ട് റിപ്പോർട്ട് ചെയ്യേണ്ടതില്ല. കോളജുകളിൽ പ്രവേശനം കൺഫേം ചെയ്തവർ ക്യാപ് വെബ്സൈറ്റിൽ സെപ്റ്റംബർ 17നു മുമ്പായി ലോഗിൻ ചെയ്ത് കൺഫർമേഷൻ സ്ലിപ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം. കോളജുകൾ പ്രവേശനം കൺഫേം ചെയ്തതിന്റെ തെളിവാണ് കൺഫർമേഷൻ സ്ലിപ് എന്നതിനാൽ നിശ്ചിത സമയത്ത് പരിശോധിച്ച് പ്രവേശനം ഉറപ്പാക്കാൻ അപേക്ഷകൻ ശ്രദ്ധിക്കണം. നിശ്ചിത തീയതിക്കു ശേഷം ഇതു സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതല്ല. ഓപ്ഷനുകൾ പുനക്രമീകരിക്കാനും ഒഴിവാക്കാനും സെപ്റ്റംബർ 18, 19 തീയതികളിൽ സൗകര്യം ലഭിക്കും.

(പി.ആർ.ഒ/39/873/2020)

## എം.ജി.യിൽ പി.ജി. പ്രവേശനത്തിന് പ്രവേശന പരീക്ഷ നടത്തും

**- സെപ്റ്റംബർ 15 വരെ പുതിയ അപേക്ഷ സ്വീകരിക്കും**

മഹാത്മാഗാന്ധി സർവകലാശാലയിലെ പഠനവകുപ്പുകളിലും ഇന്റർ സ്കൂൾ സെന്ററുകളിലും ബിരുദാനന്തര ബിരുദ പ്രവേശനത്തിന് പ്രവേശന പരീക്ഷ നടത്താൻ തീരുമാനിച്ചു. സെപ്റ്റംബർ 15ന് വൈകീട്ട് നാലുവരെ പുതിയ അപേക്ഷകൾ സ്വീകരിക്കും. പരീക്ഷകേന്ദ്രം മാറ്റിനൽകുകയും ചെയ്യാം. ഒക്ടോബർ ആദ്യം പ്രവേശനപരീക്ഷ നടക്കും. പി.ജി. പ്രവേശനത്തിനായി പ്രവേശന പരീക്ഷ ഒഴിവാക്കി യോഗ്യത പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രവേശനം നടത്താനുള്ള മുൻ തീരുമാനം റദ്ദുചെയ്തു. പ്രവേശനപരീക്ഷയ്ക്ക് കണ്ണൂരിൽ പുതിയ പരീക്ഷകേന്ദ്രം ഏർപ്പെടുത്തും. കണ്ണൂരിൽ പരീക്ഷകേന്ദ്രം തെരഞ്ഞെടുക്കാനാഗ്രഹിക്കുന്നവർക്ക് ക്യാറ്റ് വെബ്സൈറ്റിൽ (www.cat.mgu.ac.in) ലോഗിൻ ചെയ്ത് പരീക്ഷകേന്ദ്രത്തിൽ മാറ്റം വരുത്തി അപേക്ഷ പുതുക്കാം. പ്രവേശന പരീക്ഷ തീയതിയും ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാനുള്ള തീയതിയും പിന്നീട് അറിയിക്കും. വിശദവിവരത്തിന് ഫോൺ: 0481-2733595, ഇമെയിൽ: cat@mgu.ac.in

(പി.ആർ.ഒ/39/874/2020)

## എം.ജി.യിൽ ബി.ബി.എ. എൽ.എൽ.ബി.; സെപ്റ്റംബർ 30 വരെ അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) പ്രവേശനത്തിന് അപേക്ഷിക്കാം. http://cat.mgu.ac.in/BBALLB എന്ന വെബ്സൈറ്റിലൂടെ സെപ്റ്റംബർ 14 മുതൽ 30 വരെ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം. 50 സീറ്റാണുള്ളത്. മഹാത്മാഗാന്ധി സർവകലാശാല അംഗീകരിച്ച ഹയർ സെക്കൻഡറി/പ്ലസ്ടു/അംഗീകൃത തത്തുല്യ പരീക്ഷ 45 ശതമാനം മാർക്കോടെ പാസായവർക്ക് അപേക്ഷിക്കാം. എസ്.സി./എസ്.ടി., ലക്ഷദ്വീപിൽ നിന്നുള്ള എസ്.ടി. അപേക്ഷകർക്ക് പരീക്ഷ ജയിച്ചാൽ മതി. എസ്.ഇ.ബി.സി., ഒ.ഇ.സി. അപേക്ഷകർക്ക് യഥാക്രമം മൂന്ന്, അഞ്ച് ശതമാനം മാർക്കിൽ ഇളവുണ്ട്. പ്രായപരിധി: ജൂലൈ ഒന്നിന് 20 വയസിൽ താഴെ. എസ്.സി./എസ്.ടി./എസ്.ഇ.ബി.സി./ഒ.ഇ.സി. അപേക്ഷകർക്ക് ഉയർന്ന പ്രായപരിധിയിൽ ഒരു വർഷത്തെ ഇളവ് ലഭിക്കും. ജനറൽ വിഭാഗത്തിന് 600രൂപയും എസ്.സി./എസ്.ടി. വിഭാഗത്തിന് 300 രൂപയുമാണ് അപേക്ഷ ഫീസ്. വിശദവിവരം വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0481-2310165, 8547487677, 88845555198, 9567065247, 8281630982, 7907124141, 9446427447.

(പി.ആർ.ഒ/39/875/2020)

## അപേക്ഷ തീയതി

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ എട്ടാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - 2015 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴയില്ലാതെ സെപ്റ്റംബർ 22 വരെയും 525 രൂപ പിഴയോടെ 23 വരെയും 1050 രൂപ

സൂപ്പർഫൈനോടെ 24 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/876/2020)

## എം.ഫിൽ വൈവാവോസി പുനക്രമീകരിച്ചു

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ രണ്ടാം സെമസ്റ്റർ എം.ഫിൽ (സി.എസ്.എസ്. - 2018-2019) വൈവാവോസി പരീക്ഷ സെപ്റ്റംബർ 16, 17 തീയതികളിലായി പുനഃക്രമീകരിച്ചു. രാവിലെ 10.30 മുതലാണ് വൈവാവോസി. സെപ്റ്റംബർ 15ന് നിശ്ചയിച്ച പരീക്ഷയ്ക്ക് മാറ്റമില്ല.

(പി.ആർ.ഒ/39/877/2020)

## പരീക്ഷഫലം

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. ഹിന്ദി (സി.എസ്.എസ്. - റഗുലർ, ബെറ്റർമെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 22 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ് പോർട്ടൽ ലിങ്ക് വഴി ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/878/2020)

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. സംസ്കൃതം സ്പെഷൽസ് (ന്യായ, സാഹിത്യ, വേദാന്ത, വ്യാകരണ - സി.എസ്.എസ്. - റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 24 വരെ സർവകലാശാല വെബ് സൈറ്റിലെ സ്റ്റുഡന്റ് പോർട്ടൽ ലിങ്ക് വഴി ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/879/2020)

2019 ഡിസംബറിൽ നടന്ന ബി.കോം. മോഡൽ 1 (പാർട്ട് 3 മെയിൻ - വാർഷിക സ്കീം) സ്പെഷൽ മേഴ്സി ചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 24 വരെ അപേക്ഷിക്കാം. വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/880/2020)

## ഡോ. ഫൈസൽ ദേവ്ജി

## ഗാന്ധിയൻ പഠന ചെയർ അധ്യക്ഷൻ

ഗാന്ധിയൻ പഠനങ്ങളിലെ പ്രമുഖനും ഓക്സ്ഫഡ് സർവകലാശാലയിലെ ഇന്ത്യ ചരിത്രം പ്രൊഫസറുമായ ഡോ. ഫൈസൽ ദേവ്ജിയെ മഹാത്മാഗാന്ധി സർവകലാശാല ഗാന്ധിയൻ പഠന ചെയറിന്റെ അധ്യക്ഷനായി നിയോഗിച്ചു. ദക്ഷിണേഷ്യൻ പഠനങ്ങളിലും പ്രശസ്തനാണ്. മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികാഘോഷങ്ങളുടെ ഭാഗമായി 2019ലാണ് സർവകലാശാലയിൽ ഗാന്ധിയൻ പഠനചെയർ സ്ഥാപിച്ചത്. ഗാന്ധിയുടെ ജീവിതം, ദർശനങ്ങൾ, രചനകൾ, രാഷ്ട്രീയ സാമൂഹിക ചിന്തകൾ എന്നിവയുമായി ബന്ധപ്പെട്ട ഗവേഷണവും അക്കാദമിക പ്രവർത്തനങ്ങളും വ്യാപിപ്പിക്കുക ലക്ഷ്യമിട്ടാണ് ചെയർ ആരംഭിച്ചത്. ഡോ. ഫൈസൽ ദേവ്ജി കോർണൽ, യേൽ, ചിക്കാഗോ സർവകലാശാലകളിൽ അധ്യാപകനായിരുന്നു. ഗാന്ധിയൻ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഒരു വർഷത്തെ പ്രഭാഷണ പരമ്പര നടത്തും.

### ഫോട്ടോ ക്യാപ്ഷൻ

**ഡോ. ഫൈസൽ ദേവ്ജി**

(പി.ആർ.ഒ/39/881/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ